**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 116997/AD B2-1/2022/എ ഡി ബി 2

തീയതി: 07.03.2025

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- സർവകലാശാലയിലെ എല്ലാ പഠനവകുപ്പുകളിലും സെന്ററുകളിലും വാർഷിക പരിപാലന കരാർ രജിസ്റ്റർ തയ്യാറാക്കി -സൂക്ഷിക്കുന്നത് -സംബന്ധിച്ച്

സൂചന :- ____________

സർവകലാശായിലെ വിവിധ പഠന വകുപ്പുകളിലും സെന്ററുകളിലും വാർഷിക പരിപാലന കരാർ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപെട്ടിരിക്കുന്നു .ഇതുമൂലം കരാറിൽ ഏർപ്പെട്ടിട്ടുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനായി നിശ്ചിത സാമ്പത്തിക വർഷത്തിൽതന്നെ കരാർ തുക അനുവദിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നതായും ആദ്യ ഗഡു വാർഷിക പരിപാലന ചുമതല വഹിക്കുന്ന സ്ഥാപനങ്ങൾക്ക് അനുവദിച്ചോ ഇല്ലയോ എന്നതിൽ വ്യക്തതയില്ലായ്മ ,റിപ്പയർ നടത്തിയതിനാണോ തുക അനുവദിച്ചത് അതോ കരാർ തുകയാണോ അനുവദിച്ചത് എന്നുള്ള വിഷയത്തിൽ അവ്യക്തത , കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തുന്നത് തുടങ്ങിയ പല വിഷയങ്ങളും നിരന്തരമായി ഉണ്ടാകുന്നു .ആയതിനാൽ സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും സെന്ററുകളിലും നിലവിൽ വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിട്ടുള്ള ഓരോ ഉപകരണങ്ങളുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വയ്ക്കുന്നതിനായി ഒരു "AMC REGISTER" തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്നു ബഹു .വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു .

പ്രസ്തുത "AMC REGISTER" ൽ ഉൾപ്പെടുത്തേണ്ടുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1.പഠന വകുപ്പിന്റെ പേര്
2.വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിട്ടുള്ള ഉപകരണം( വാങ്ങിയ തീയതി ,വില , വാറന്റി സംബന്ധമായ വിവരങ്ങൾ ,ഉപകരണം സ്ഥാപിച്ചിട്ടുള്ള ബിൽഡിങ്ങിന്റെ പേര്,റൂം നമ്പർ സഹിതം)
3 .ഏതു സ്ഥാപനവുമായാണ് വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന വിവരം
4.വാർഷിക പരിപാലന കരാർ തുക(സർവകലാശാല ഉത്തരവ് സഹിതം )
5.വാർഷിക പരിപാലന കരാർ കാലാവധി
6.ആദ്യ ഗഡു അനുവദിച്ച തീയതി,ഇൻവോയ്സ് നമ്പർ
7.രണ്ടാമത്തെ ഗഡു അനുവദിച്ച തീയതി , ഇൻവോയ്സ് നമ്പർ എന്നിവ .

നിർദ്ദിഷ്ട മാതൃകയിൽ എല്ലാ പഠനവകുപ്പുകളിലും "AMC REGISTER" തയ്യാറാക്കി സൂക്ഷിക്കേണ്ടതും,പ്രവർത്തന റിപ്പോർട്ട് സഹിതം പരിശോധനക്ക് സമർപ്പിക്കേണ്ടതുമാണ് .

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

സ്വീകർത്താവ്

വകുപ്പ് മേധാവിമാർ -പഠനവകുപ്പുകൾ /സെന്ററുകൾ

Draft #11 of File 116997/AD B2-1/2022/AD B 2 (PART-I) Approved by Registrar on 07-Mar-2025 02:01 AM - Page 1

Draft #11 of File 116997/AD B2-1/2022/AD B 2 (PART-I) Approved by Registrar on 07-Mar-2025 02:01 AM - Page 2